## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6656 — 21/11/2019 ൽ മറുപടിക്ക്

### കശുവണ്ടി മേഖലയുടെ സമഗ്രപരിഷ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ കശുവണ്ടി ഫാക്ടറികളിൽ 2018-19 സാമ്പത്തിക വർഷത്തിൽ എത്ര തൊഴിൽ ദിനങ്ങൾ കാപ്പെക്സിലെയും, കാഷ്യൂ കോർപ്പറേഷനിലെയും ജീവനക്കാർക്ക് ലഭിച്ചുവെന്ന് വിശദമാക്കുമോ; | (എ) 2018-19 സാമ്പത്തിക വർഷത്തിൽ കാപ്പെക്സിൽ 190 ഉം കെ.എസ്.സി.ഡി.സി. യിൽ 136 ഉം തൊഴിൽ ദിനങ്ങൾ ജീവനക്കാർക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) കശുവണ്ടി വ്യവസായ മേഖലയിൽ കടുത്ത തൊഴിലാളി ക്ഷാമം അനുഭവപ്പെടുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഇല്ല. |
| (സി) കശുവണ്ടി സംസ്കരണ മേഖലയിലെ യന്ത്രവൽക്കരണം ഏതെല്ലാം മേഖലകളിൽ നടപ്പിലാക്കി എന്ന് വിശദമാക്കുമോ; | (സി) കാപ്പെക്സിന്റേയും കെ.എസ്.സി.ഡി.സി. യുടേയും ഫാക്ടറികളിൽ ഷെല്ലിംഗ് വിഭാഗത്തിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ച് ഭാഗിക യന്ത്രൽവൽക്കരണം നടത്തി വരുന്നു. |
| (ഡി) കശുവണ്ടി മേഖലയുടെ സമഗ്രപരിഷ്കരണത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) പ്രതിസന്ധി നേരിടുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതു മൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യകശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടേയും ബഹു. കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം |

നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ധനകാര്യസ്ഥാപനങ്ങളായ ബാങ്കുകൾ അധിക വായ്പ നൽകിവരികയാണ്. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരികയാണ്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരളാ കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന് സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ചു തീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നു ഇതിനകം 20000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സന്നദ്ധമാണ്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആഭ്യന്തര

തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അത്യുല്പാദനശേഷിയുള്ളതും അധികം ഉയരത്തിൽ വളരാത്തതുമായ കശുമാവ് തൈകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കശുമാവ് തോട്ടവും മാതൃകാ തോട്ടങ്ങളും സ്ഥാപിച്ചുവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

1.<u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്കു വിധേയമായി ഒറ്റത്തവണ ധന സഹായമായി നൽകുന്നു.

2.<u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3.<u>മുറ്റത്തൊരു കശുമാവ്</u> - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതി പ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകി വരുന്നു.

4.<u>ഹൈഡൻസിറ്റി പ്ലാന്റിംഗ്</u>- ഈ പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ

ഹൈഡൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു.

5. <u>മാതൃക കശുമാവിൽ തോട്ടം</u> - സർക്കാർ / അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.

Radhakrishnan

സെക്ഷൻ ഓഫീസർ